## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.12.2015 -ൽ മറുപടിക്ക്
നമ്പർ : **1238**

### പട്ടയം നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരവും വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും പതിച്ചു നൽകി വരുന്നു. കൂടാതെ 01.01.1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തു വന്നിരുന്ന റവന്യൂ-വനം വകുപ്പിന്റെ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരം കൈവശ ഭൂമിയ്ക്ക് പട്ടയം നൽകി വരുന്നു. |
| (ബി) കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2)(i), (i), കേരള ഭൂസംരക്ഷണ നിയമം വകുപ്പ് (3) എന്നിവ പ്രകാരം കനാൽ പുറമ്പോക്ക് പതിച്ചു നൽകുന്നതിന് തടസ്സങ്ങൾ ഉണ്ട്. |
| (സി) പത്തനാപുരം നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതു സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ? | (സി) പത്തനാപുരം നിയോജക മണ്ഡലം ഉൾപ്പെടുന്ന പത്തനാപുരം താലൂക്കിലെ തരിശ്ശ്/പുറമ്പോക്ക് സ്ഥലങ്ങളും കെ.ഐ.പി അധീനതയിലുള്ള സ്ഥലങ്ങൾ കെ.ഐ.പി-യുടെ അനുമതിയോടുകൂടിയും പട്ടയ വിതരണത്തിന് യോഗ്യമായവ കണ്ടെത്തി മേൽ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. 01.01.1977-നും അതിനു മുമ്പും പ്രൊപ്പോസൽ നൽകിയിട്ടുള്ള വനഭൂമിയ്ക്ക് കൈവശരേഖ കൊടുത്തിട്ടുള്ളതും ആയവർക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

Indhu

**സെക്ഷൻ ഓഫീസർ**